# കേരള സർവകലാശാല

നം. പി.ആർ.030/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

## എം.എ/എം.എസ്‌സി ഫലം

കേരള സർവകലാശാല 2017 ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എ ഇംഗ്ലീഷ് ലാംഗേജ് & ലിറ്ററേച്ചർ, എം.എസ്‌സി കെമിസ്ട്രി, അനലിറ്റിക്കൽ കെമിസ്ട്രി, അപ്ലൈഡ് കെമിസ്ട്രി പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എ ടൈംടേബിൾ

കേരള സർവകലാശാല ഫെബ്രുവരി 16 ന് ആരംഭിക്കുന്ന ബി.എ (ആന്വൽ) പാർട്ട് ഒന്നും രണ്ടും സപ്ലിമെന്ററി പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. ഓൺലൈനായി അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികൾക്ക് ഫെബ്രുവരി 12 മുതൽ ഹാൾടിക്കറ്റ് ഡൗൺലോഡ് ചെയ്യാം. മറ്റുള്ളവർ അതത് പരീക്ഷാ കേന്ദ്രങ്ങളിൽ നിന്നും നേരിട്ട് ഹാൾടിക്കറ്റ് കൈപ്പറ്റണം.

## പെൻഷൻകാർ ആദായനികുതി രേഖകൾ സമർപ്പിക്കണം

കേരള സർവകലാശാലയിൽ നിന്നും പെൻഷൻ കൈപ്പറ്റുന്നവർ 2017-18 സാമ്പത്തിക വർഷം ആദായ നികുതിയുടെ പരിധിയിൽ വരുന്നുണ്ടെങ്കിൽ 2018 ഫെബ്രുവരി 15-ാം തീയതിക്കകം നിർബന്ധമായും നിർദ്ദിഷ്ട ഫോർമാറ്റിൽ ആദായനികുതി സ്റ്റേറ്റ്മെന്റും അനുബന്ധ രേഖകളും (ഇതുവരെ സമർപ്പിച്ചിട്ടില്ലെങ്കിൽ) പെൻഷൻ സെക്ഷനിൽ സമർപ്പിക്കണം. കൂടാതെ ആദായ നികുതി ഇളവിനായി ഭവനവായ്പാ തിരിച്ചടവ് രസീത് സമർപ്പിച്ചവരും, 80 C യിൽ ഉൾപ്പെടുന്ന ടാക്സ് സേവിംഗ്സ് സ്കീമുകളിൽ ആദായ നികുതി ഇളവ് ലഭിക്കുന്നവരും 12 BB ഫോറം കൂടി നൽകേണ്ടതാണ്. സ്റ്റേറ്റ്മെന്റ്, 12 BB മാതൃകയും വിവരങ്ങളും സർവകലാശാലയുടെ വെബ്സൈറ്റായ www.kufinance.info യിൽ ലഭ്യമാണ്. പെൻഷൻ നമ്പരും ജനന തീയതിയും ഉപയോഗിച്ച് പെൻഷൻ സ്പോട്ട് സൈറ്റിൽ ലോഗിൻ ചെയ്ത് വിവരങ്ങൾ ശേഖരിക്കാവുന്നതാണ്.

## എൽ.എൽ.ബി പരീക്ഷ

കേരള സർവകലാശാല മാർച്ചിൽ നടത്തുന്ന നാലാം സെമസ്റ്റർ ത്രിവത്സര എൽ.എൽ.ബി യൂണിറ്ററി (റഗുലർ/ഈവനിംഗ്) പരീക്ഷകളിലേക്ക് പിഴകൂടാതെ ഫെബ്രുവരി 15, 50 രൂപ പിഴയോടെ ഫെബ്രുവരി 17, 125 രൂപ പിഴയോടെ ഫെബ്രുവരി 20 വരെ ഫീസടച്ച് അപേക്ഷിക്കാം. ഓൺലൈൻ രജിസ്ട്രേഷൻ ഫെബ്രുവരി ആറ് മുതൽ ലഭ്യമാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.ടെക് ഓൺലൈൻ രജിസ്ട്രേഷൻ

കേരള സർവകലാശാല ബി.ടെക് ഒന്നാം സെമസ്റ്റർ (2013 സ്കീം പാർട്ട്-ടൈം റീസ്ട്രക്ച്ചേർഡ് സപ്ലിമെന്ററി) പരീക്ഷയുടെ ഓൺലൈൻ രജിസ്ട്രേഷൻ ഫെബ്രുവരി ആറിന് ആരംഭിക്കും. പരീക്ഷയ്ക്ക് പിഴകൂടാതെ ഫെബ്രുവരി 14, 50 രൂപ പിഴയോടെ ഫെബ്രുവരി 16, 125 രൂപ പിഴയോടെ ഫെബ്രുവരി 19 വരെ ഫീസടച്ച് അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.ടെക് ടൈംടേബിൾ

കേരള സർവകലാശാല ഫെബ്രുവരിയിൽ നടത്തുന്ന അഞ്ചാം സെമസ്റ്റർ റഗുലർ ബി.ടെക് (2013-സ്കീം) കോഴ്സ് കോഡിൽ വരുന്ന ബി.ടെക് പാർട്ട് ടൈം റീസ്ട്രക്ച്ചേർഡ് (2013 സ്കീം) അഞ്ചാം സെമസ്റ്റർ പരീക്ഷയുടെയും മൂന്നാം സെമസ്റ്റർ പരീക്ഷയുടെയും ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.എസ്സി ഫലം

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ കേന്ദ്രം 2017 ആഗസ്റ്റിൽ നടത്തിയ ഒന്നാം വർഷ എം.എസ്സി ക്ലിനിക്കൽ ന്യൂട്രീഷൻ & ഡയറ്റിറ്റിക്സ്, പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ ഹെൽത്ത് സയൻസ് റിസേർച്ച് സപ്ലിമെന്ററി പരീക്ഷ യുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.എ ഫലം

കേരള സർവകലാശാല 2017 ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എ മലയാളം ലാംഗ്വേജ് & ലിറ്ററേച്ചർ പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## രാജ്യാന്തര സെമിനാർ

കേരള സർവകലാശാല അറബി വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന രാജ്യാന്തര സെമിനാറിന് സർവകലാശാല ആസ്ഥാനത്തെ സെനറ്റ് ചേംബറിൽ തുടക്കമായി. അറബി ഭാഷാ അദ്ധ്യാപന രംഗത്ത് ആധുനിക രീതികൾ സ്വീക രിക്കണമെന്ന് സെമിനാറിൽ പങ്കെടുത്ത് സംസാരിച്ച വിദേശ രാജ്യങ്ങളിലെ സർവകലാശാല അദ്ധ്യാപകർ ആവശ്യപ്പെട്ടു. ഭാഷാ അദ്ധ്യാപന രംഗത്ത് നട ക്കുന്ന അതി നൂതനമായ ഗവേഷണങ്ങൾ വിദ്യാർത്ഥികളിലും അദ്ധ്യാപകരിലു മെത്തിക്കാൻ സർവകലാശാല നടത്തുന്ന ശ്രമങ്ങളെ സെമിനാർ അഭിനന്ദിച്ചു. ഈജിപ്ത് ആസ്ഥാനമായി പ്രവർത്തിക്കുന്ന അന്താരാഷ്ട്ര ബയോ എനർജി കേന്ദ്രം ഡയറക്ടർ ഡോ. അബ്ദുൾ തവ്വാബ് ഹസൻ ഉദ്ഘാടനം ചെയ്തു. കേരള സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പ് ഡയറക്ടറും കാലിക്കറ്റ് കർവക ലാശാല അറബി വിഭാഗം മുന്ന മേധാവിയുമായ ഡോ. എ.ബി. മൊയ്തീൻകുട്ടി മുഖ്യ പ്രഭാഷണം നടത്തി. ജോർദാൻ, പാലസ്തീൻ, സൗദി അറേബ്യ, ഈജിപ്ത്, മോറോക്കോ, യു.എ.ഇ, ടുണീഷ്യ തുടങ്ങിയ രാജ്യങ്ങ ളിൽ നിന്നുള്ള ഇരുപതോളം പ്രൊഫസർമാർ സെമിനാറിൽ പങ്കെടുക്കുന്നതാ ണ്.

## പരീക്ഷ മാറ്റി

കേരള സർവകലാശാല ഫെബ്രുവരി ഏഴിന് നടത്താനിരുന്ന മൂന്നാം സെമസ്റ്റർ ബി.എ.എസ്.എൽ.പി പഴയ സ്കീമിന്റെ ആർട്ടിക്യൂലേഷൻ & ഫോണോളജി ക്കൽ ഡിസോർഡേഴ്സ് എന്ന പരീക്ഷ ഫെബ്രുവരി 23 ലേക്ക് മാറ്റിയിരിക്കു ന്നു. മറ്റു പരീക്ഷകൾക്ക് മാറ്റമില്ല.

തിരുവനന്തപുരം.
05.02.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**